"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - കൊല്ലം സെന്റ് അലോഷ്യസ് ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.എ (മലയാളം) തസ്തികയിൽ നിന്നും വിരമിച്ച ശ്രീമതി.ജാസ്മിൻ.ജെ ബഹു. കേരളാ ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത **WP(C)No.34286/2023**-ന്റെ **18.10.2023**-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2388/2024/GEDN തീയതി,തിരുവനന്തപുരം, 25-03-2024

---

പരാമർശം:-

1. ശ്രീമതി.ജാസ്മിൻ ജെ.യുടെ **09.10.2023** ലെ റിവിഷൻ ഹർജി (എക്സിബിറ്റ് പി**11**)
2. ശ്രീമതി.ജാസ്മിൻ.ജെ ബഹു. കേരളാ ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത **WP(C)No.34286/2023**-ന്റെ **18.10.2023**-ലെ വിധിന്യായം
3. കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **19.01.2024** ലെ **DEOKLM/2122/2023-B3** നമ്പർ കത്ത്

4 പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **19.01.2024** ലെ ഇ.റ്റി**1/22416/2023**/ഡി.ജി.ഇ നമ്പർ കത്ത്

4 കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ **22.01.2024** ലെ ഡിഡിഇ/ബി**3/4829/23** നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൊല്ലം സെന്റ് അലോഷ്യസ് ഹയർ സെക്കന്ററി സ്കൂളിൽ എച്ച്.എസ്.എ (മലയാളം) തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന, **31.3.2018**-ൽ സർവ്വീസിൽ നിന്നും വിരമിച്ച ശ്രീമതി.ജാസ്മിൻ.ജെ ബഹു. കേരളാ ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത **WP(C)No.34286/2023**-ന്റെ **18.10.2023**-ലെ വിധിന്യായത്തിൽ ഹർജിക്കാരെ നേരിൽ കേട്ട്, അധിക തസ്തികയിലെ നിയമന കാലയളവ് മാനേജർ ബോണ്ട് കൊടുത്തതായി പരിഗണനയിലെടുത്ത് ടിയാൾ സമർപ്പിച്ച എക്സിബിറ്റ് പി**11** നിവേദനം തീർപ്പാക്കുവാൻ ബഹു.ഹൈക്കോടതി പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിൻ പ്രകാരം ഹർജിക്കാരിയെയും ബന്ധപ്പെട്ട കക്ഷികളെയും **23.01.2024**-ൽ നേരിൽ കേട്ടു.

**2)** ഹർജിക്കാരിയുടെ വാദങ്ങൾ ചുവടെ ചേർക്കുന്നു.

"ഹർജിക്കാരിയായ ശ്രീമതി.ജാസ്മിൻ.ജെ-യെ കൊല്ലം കാത്തലിക് സ്കൂൾസ് കോർപ്പറേറ്റ് മാനേജർ 02.07.2003 മുതൽ 05.09.2003 വരെ എച്ച്.എസ്.എ (മലയാളം) തസ്തികയിൽ അവധി ഒഴിവിൽ ഇതേ മാനേജ്മെന്റിൽപ്പെട്ട കുമ്പളം സെന്റ് മൈക്കിൾസ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിൽ നിയമിച്ചു. പ്രസ്തുത അവധി ഒഴിവിലെ നിയമനം 02.07.2003 മുതൽ 05.09.2023 വരെ അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

16.04.2005-ലെ ജി.ഒ(പി)നം.121/2005/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 14എ യിലെ ചട്ടം 5 1 എ പ്രകാരം ഒരു അക്കാദമിക വർഷത്തിൽ കുറയാതെയുള്ള നിയമനങ്ങൾ മാത്രമേ ശമ്പളസ്കെയിലിൽ അംഗീകരിക്കാൻ കഴിയുകയുള്ളൂ. എന്നാൽ പ്രസ്തുത ഭേദഗതി വരുന്നതിനു മുമ്പുള്ള നിയമനമായിരുന്നതിനാലാണ് 02.07.2003 മുതൽ 05.09.2003 വരെയുള്ള നിയമനം ശമ്പള സ്കെയിലിൽ അംഗീകരിച്ചത് എന്നത് ശ്രദ്ധേയമാണ്. അപ്രകാരം ഹർജിക്കാരി ചട്ടം 5 1 എ അവകാശിയായി തീർന്നിട്ടുള്ളതുമാണ്. തുടർന്ന് ഹർജിക്കാരിയെ 03.10.2005 മുതൽ 31.03.2006 വരെ മറ്റൊരു അവധി ഒഴിവിൽ എച്ച്.എസ്.എ (മലയാളം) തസ്തികയിൽ ഇതേ മാനേജ്മെന്റിൽപ്പെട്ട കൊട്ടിയം എൻ.എസ്.എം ഗേൾസ് ഹൈസ്കൂളിൽ നിയമിച്ചു. പ്രസ്തുത നിയമനവും ചട്ടം 51എ അവകാശി എന്ന നിലയിൽ ശമ്പള സ്കെയിലിൽ തന്നെ അംഗീകരിച്ചിട്ടുള്ളതുമാണ്. തുടർന്ന് ഹർജിക്കാരിയെ 05.06.2006 മുതൽ 31.07.2006 വരെ ഇതേ മാനേജ്മെന്റിൽപ്പെട്ട കൊല്ലം വിമലഹൃദയ ഗേൾസ് ഹൈസ്കൂളിൽ എച്ച്.എസ്.എ (മലയാളം) തസ്തികയിലെ മറ്റൊരു അവധി ഒഴിവിൽ നിയമിച്ചു. പ്രസ്തുത നിയമനവും 51എ അവകാശി എന്ന നിലയിൽ 05.06.2006 മുതൽ 31.07.2006 വരെ അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

അപ്രകാരം അവധി ഒഴിവിൽ നിയമനാംഗീകാരത്തോടെ തുടർന്നു വരവെ, ഹർ ജിക്കാരിയെ 26.07.2006 മുതൽ ഇതേ മാനേജ്മെന്റിൽപ്പെട്ട കൊല്ലം സെന്റ് അലോഷ്യസ് ഹയർസെക്കന്ററി സ്കൂളിൽ അനുവദനീയമായ അധിക തസ്തികയിൽ നിയമിച്ചു. എന്നാൽ 17.08.2005-ലെ ജി.ഒ (പി) 317/2005/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം അധികമായി അനുവദനീയമായ തസ്തികകളിൽ നിയമന നിരോധനം നിലനിന്നിരുന്നതിനാൽ 26.07.2006 മുതലുള്ള എച്ച്.എസ്.എ (മലയാളം) അധിക തസ്തികയിലെ നിയമനം കൊല്ലം ജില്ല വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിരുന്നില്ല. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവിനെതിരെ മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ ഹർജി സമർപ്പിച്ചു. പ്രസ്തുത റിവിഷൻ ഹർജി പൊതുവിദ്യാഭ്യാസ ഡയറക്ടർ പരിഗണനയിലെടുത്തുവെങ്കിലും 17.08.2005-ലെ ജി.ഒ (പി)നം.317/2005/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം അധിക തസ്തികകളിൽ നിയമന നിരോധനം ഏർപ്പെടുത്തിയിരുന്നതിനാൽ തസ്തിക ലഭ്യമല്ല എന്ന കാരണത്താൽ നിയമനാംഗീകാരം നിരസിച്ച് ഉത്തരവായി.

അപ്രകാരം 26.07.2006 മുതൽ അധിക എച്ച്.എസ്.എ (മലയാളം) തസ്തികയിൽ

നിയമനാംഗീകാരമില്ലാതെ തുടരവെ, ഹർജിക്കാരിയെ ഇതേ മാനേജ്മെന്റിൽപ്പെട്ട വിമലഹൃദയ ഹയർസെക്കന്ററി സ്കൂളിൽ സ്ഥലംമാറ്റം മുഖേനയുണ്ടായ എച്ച്.എസ്.എ (മലയാളം) തസ്തികയിലെ റഗുലർ അടിസ്ഥാനത്തിൽ മാനേജർ മാറ്റി നിയമിച്ചു. പ്രസ്തുത നിയമനം 01.06.2007 മുതൽ അംഗീകരിച്ചിട്ടുള്ളതുമാണ്.

ആയതിനാൽ ഹർജിക്കാരിയുടെ 26.07.2006 മുതൽ 31.05.2007 വരെയുള്ള എച്ച്.എസ്.എ (മലയാളം) അധിക തസ്തികയിലെ നിയമന നിരോധന കാലയളവിലെ നിയമനമാണ് അംഗീകരിക്കപ്പെടേണ്ടത്. 02.07.2003 മുതൽ 05.09.2003 വരെയും 03.10.2005 മുതൽ 31.10.2006 വരെയും നിയമനാംഗീകാരം ലഭിച്ച് ചട്ടം 51എ അവകാശിയായി തീർന്നിട്ടുള്ളതിനാൽ ഹർജിക്കാരിയുടെ 26.07.2006 മുതൽ 31.05.2007 വരെയുള്ള അധിക എച്ച്.എസ്.എ.(മലയാളം) തസ്തികയിലെ നിയമനം ടിയാൾ ചട്ടം 51എ അവകാശിയായതിനാലും 12.01.2010-ലെ ജി.ഒ.(പി)നം.10/2010/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം നിയമന നിരോധനം പിൻവലിച്ച് തസ്തിക നിലവിൽ വന്ന സാഹചര്യത്തിൽ, ബോണ്ട് കൊടുത്തതായി പരിഗണനയിലെടുക്കാതെ തന്നെ ടിയാളുടെ 26.07.2006 മുതൽ 31.05.2007 വരെയുള്ള അധിക തസ്തികയിലെ നിയമനം അംഗികരിക്കാവുന്നതാണ് എന്ന വസ്തുതയും ശ്രദ്ധേയമാണ്.

മേൽപ്പറഞ്ഞ സാഹചര്യങ്ങൾ പരിഗണനയിലെടുത്ത് 26.07.2006 മുതൽ 31.05.2007 വരെയുള്ള ഹർജിക്കാരിയുടെ എച്ച്.എസ്.എ (മലയാളം) തസ്തികയിലെ നിയമന നിരോധന കാലയളവിലെ നിയമനം മാനേജർ ബോണ്ട് കൊടുത്തതായി പരിഗണനയിലെടുത്ത് ഉത്തരവാകണമെന്നും, തദനുസൃതമായി 31.03.2018-ൽ സർവ്വീസിൽ നിന്നും വിരമിച്ച ഹർജിക്കാരിയുടെ പെൻഷൻ ആനുകൂല്യങ്ങൾ പുതുക്കി ഉത്തരവാകുന്നതിനുമുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിനും കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്കും നിർദ്ദേശം നൽകി കോടതി വിധി നടപ്പാക്കണമെന്നും അപേക്ഷിക്കുന്നു.”

3) പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം, ജില്ല വിദ്യാഭ്യാസ ഓഫീസർ, കൊല്ലം എന്നിവരുടെ സമാനമായ റിപ്പോർട്ട് താഴെ പറയും പ്രകാരമാണ്.

"കൊല്ലം സെന്റ് അലോഷ്യസ് ഹൈസ്കൂളിൽ 2006-07 അദ്ധ്യയന വർഷത്തെ എച്ച്.എസ്.ടി (മലയാളം) അധിക തസ്തികയിൽ 26.07.06 മുതൽ നിയമിതയായ ശ്രീമതി.ജെ.ജാസ്മിൻ-ന്റെ 26.07.2006 മുതൽ 31.05.2007 വരെയുള്ള നിയമനം അംഗീകരിച്ചു കിട്ടുന്നതിനു വേണ്ടിയാണ് ഹർജി ഫയൽ ചെയ്തിട്ടുള്ളത്.

കൊല്ലം സെന്റ് അലോഷ്യസ് ഹൈസ്കൂളിൽ 2006-07 അദ്ധ്യയന വർഷത്തെ എച്ച്.എസ്.ടി (മലയാളം) അധിക തസ്തികയിൽ ശ്രീമതി.ജെ.ജാസ്മിൻ-നെ 26.07.2006 മുതൽ കോർപ്പറേറ്റ് മാനേജർ നിയമിച്ചു. സ.ഉ (അ)

നം.317/05/പൊ.വി.വ തീയതി 17.08.2005 പ്രകാരം 2006-07 മുതൽ പുതിയ തസ്തികകൾ അനുവദിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിരുന്നതിനാൽ ടി നിയമനം കൊല്ലം ജില്ല വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു നൽകിയിരുന്നു. പിന്നീട് ടിയാരിയെ കൊല്ലം വിമലഹൃദയ ഗേൾസ് ഹൈസ്കൂളിലെ എച്ച്.എസ്.ടി (മലയാളം) അദ്ധ്യാപികയായ ശ്രീമതി.പി.വിക്ടോറിയയുടെ സ്ഥലംമാറ്റ ഒഴിവിൽ 01.06.07 മുതൽ മാറ്റി നിയമിക്കുകയും ടി നിയമനം 01.06.07 മുതൽ കൊല്ലം ജില്ല വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

കൊല്ലം സെന്റ് അലോഷ്യസ് ഹൈസ്കൂളിലെ 2006-07 അദ്ധ്യയന വർഷത്തെ എച്ച്.എസ്.ടി (മലയാളം) അധിക തസ്തിക പിന്നീട് അനുവദിച്ച് നൽ കിയിട്ടുള്ളതിനാൽ 26.07.06 മുതൽ 31.05.07 വരെയുള്ള കാലയളവിൽ ടിയാരിക്ക് നിലനിൽക്കുവാൻ തസ്തിക ലഭ്യമാണ് എന്നും, 12.01.2010-ലെ സ.ഉ.(അ)നം.10/10/പൊ.വി.വ നം. ഉത്തരവിലെ വ്യവസ്ഥകൾക്ക് എതിരായി മാനേജർ സുപ്രീം കോടതിയിൽ എസ്.എൽ.പി ഫയൽ ചെയ്തിട്ടുണ്ട് എന്നും കൊല്ലം ജില്ല വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കോർപ്പറേറ്റ് മാനേജർ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസുകളിലെ അന്തിമ വിധിന്യായാനുസരണം 12.1.2010-ലെ സ.ഉ (അ) നം.10/10/പൊ.വി.വ നം.സർക്കാർ ഉത്തരവ് പ്രകാരമുള്ള “Deeming Provision” ബാധകമാക്കി ശ്രീമതി.ജെ.ജാസ്മിന്റെ 26.07.06 മുതൽ 31.05.2007 വരെയുള്ള നിയമനം അംഗീകാരത്തിനായി പരിഗണിക്കാവുന്നതാണെന്ന് വിലയിരുത്തുന്നു.”

4)സർക്കാർ ഇക്കാര്യം കേരള വിദ്യാഭ്യാസ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, ഹിയറിംഗ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഹർജിക്കാരിയെ കൊല്ലം സെന്റ് അലോഷ്യസ് ഹൈസ്കൂളിൽ എച്ച്.എസ്.ടി മലയാളം അധിക തസ്തികയിൽ 26.07.2006 മുതൽ നിയമിച്ചു. പുതിയ തസ്തികകൾ അനുവദിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിരുന്നതിനാൽ ടി നിയമനം കൊല്ലം ജില്ല വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. തുടർ ന്ന് 01.06.2007 മുതലുള്ള ടിയാളുടെ സ്ഥലം മാറ്റ ഒഴിവിലെ നിയമനം ജില്ല വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകിയിട്ടുണ്ട്. ടി സ്കൂളിലെ 2006-2007 വർഷത്തെ എച്ച്.എസ്.ടി(മലയാളം) അധിക തസ്തിക പിന്നീട് അനുവദിച്ചു നൽകിയിട്ടുണ്ടെന്നും, ആയതിനാൽ 26.07.2006 മുതൽ 31.05.2007 വരെയുള്ള കാലയളവിൽ ഹർജിക്കാരിക്ക് നിലനിൽക്കാൻ തസ്തിക ലഭ്യമാണെന്നും കൊല്ലം ജില്ല വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ കോർപ്പറേറ്റ് മാനേജർ ബഹു .സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസുകളിലെ അന്തിമ വിധിക്കനുസൃതമായി 12.01.2010-ലെ സ.ഉ(അ.)നം.10/10/പൊ.വി.വ പ്രകാരം മാനേജർ ബോണ്ട് സമർപ്പിച്ചതായി കണക്കിലെടുത്ത് ശ്രീമതി.ജാസ്മിൻ.ജെയുടെ 26.07.2006 മുതൽ 31.05.2007 വരെയുള്ള അധിക തസ്തികയിലെ നിയമനം അംഗീകരിക്കുന്നതിന് കൊല്ലം ജില്ല

വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, ഹർജിക്കാരി സമർപ്പിച്ച എക്സിബിറ്റ് പി1 1 നിവേദനം തീർപ്പാക്കി, അപ്രകാരം കൊല്ലം സെൻ്റ് അലോഷ്യസ് ഹയർ സെക്കൻ്ററി സ്കൂളിലെ എച്ച്.എസ്.എ (മലയാളം) തസ്തികയിൽ നിന്നും വിരമിച്ച ശ്രീമതി.ജാസ്മിൻ.ജെ ബഹു. കേരളാ ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.34286/2023-ൻ്റെ 18.10.2023-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീജ വി

അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ല വിദ്യാഭ്യാസ ഓഫീസർ, കൊല്ലം
അക്കൗണ്ടൻ്റ് ജനറൽ(ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ശ്രീമതി.ജാസ്മിൻ ജെ., വിജില, എം.ജി.നഗർ - 78, കാവനട്, കൊല്ലം - 691003
കോർപ്പറേറ്റ് മാനേജർ, കത്തോലിക് സ്കൂൾ, ബിഷപ്പ് ഹൗസ്, കൊല്ലം - 691007
ഹെഡ്മാസ്റ്റർ/ വൈസ് പ്രിൻസിപ്പൽ, സെൻ്റ് അലോഷ്യസ് ഹയർ സെക്കൻ്ററി സ്കൂൾ, കൊല്ലം
ഹെഡ്മാസ്റ്റർ/ വൈസ് പ്രിൻസിപ്പൽ, വിമല ഹൃദയ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ, കൊല്ലം
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 25-03-2024 16:59:35
സെക്ഷൻ ഓഫീസർ